## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.2390 — 18.12..2012 ലെ മറുപടിയ്ക്ക്

### കാരുണ്യ ബനവലന്റ് പദ്ധതി

| ചോദ്യം<br>ശ്രീ. ബാബു എം.പാലിശ്ശേരി | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് പദ്ധതിയിൽ ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നവർക്ക് സർക്കാർ നടപടികൾ നീളുന്നതിനാൽ ചികിത്സ കഴിഞ്ഞിട്ടും ധനസഹായം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിച്ച് നടപടികൾ എളുപ്പവും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്ന രോഗിയുൾപ്പെടുന്ന റേഷൻ കാർഡ് സ്ഥിതിചെയ്യുന്ന ജില്ലയിലെ ഭാഗ്യക്കുറി ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കമ്മിറ്റിയുടെ ശുപാർശയോടെ എത്രയും പെട്ടന്ന് സംസ്ഥാന കമ്മിറ്റിക്ക് ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. അടിയന്തിര ചികിത്സയ്ക്ക് അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പ്രാഥമിക പരിശോധന നടത്തി ഉടൻതന്നെ മുൻകൂർ ചികിത്സാ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ അഡ്മിനിസ്ട്രേറ്ററും ഇത്തരം അനുമതി നൽകുന്നുണ്ട്. ഈ ആവശ്യത്തിലേക്കായി എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും കരുതൽ തുകയും നൽകിയിട്ടുണ്ട്. ഇതുമൂലം അപേക്ഷ |

| | | | |
|---|---|---|---|
| | | | നൽകിയ രോഗികൾക്ക് ചികിത്സയ്ക്ക് മുമ്പ് തന്നെ ധനസഹായം ബന്ധപ്പെട്ട ആശുപത്രികളിൽ ലഭിച്ചു വരുന്നുണ്ട്. അപേക്ഷ നൽകിയതുമുതൽ ചികിത്സാ ധനസഹായത്തിന് അർഹതയുള്ളതിനാൽ അപ്രതീക്ഷിതമായി തുക ചെലവഴിക്കേണ്ടി വന്നാൽ ആയത് രോഗിക്ക് തിരികെ ലഭിക്കുന്നതിനും പദ്ധതിയിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ.